കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം കോട്ടയ്ക്കൽ നഗരസഭ- ഇൻഫർമേഷൻ സെന്റർ/ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലികാടിസ്ഥാനത്തിൽ ഒരാളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.3604/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 02/12/2015.

പരാമർശം : കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 01/12/2015 ലെ ജി4-16121/15 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയ്ക്കൽ നഗരസഭയിൽ വരുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിലേയ്ക്ക് പൊതുജനങ്ങളെ സഹായിക്കാൻ ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തി ഇൻഫർമേഷൻ സെന്റർ/ഹെൽപ്പ് ഡെസ്ക്ക് ഏർപ്പെടുത്തേണ്ട ആവശ്യത്തിലേയ്ക്ക് ഒരു ജീവനക്കാരനെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് അപേക്ഷിച്ചിരിക്കുന്നു.

കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ അപേക്ഷ കണക്കിലെടുത്ത് ഇൻഫർമേഷൻ സെന്റർ/ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിപ്പിക്കുന്നതിനായി നഗരസഭയുടെ തനതുഫണ്ടിൽ നിന്നും ചെലവ് വഹിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി താൽക്കാലികാടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരാളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സോണിയ വാഷിംഗ് ടൺ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, കോട്ടയ്ക്കൽ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.